 

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് - ശ്രീ.സുനിൽ.സി.ബി ഫയൽ ചെയ്ത OA (EKM) 1634/2025, ഡോ.മായാമോൾ ടി.ആർ, ഡോ.ബിന്ദു എം വി ,എന്നിവർ ഫയൽ ചെയ്ത OA(EKM)1776/2025 എന്നിവയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ യഥാക്രമം 30/10/2025,24/11/2025 തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവുകൾ നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.817/2026/H&FWD തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:-

1. 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട് (ആക്ട് 13 of 2019).
2. സ.ഉ(കൈ).നം.44/2019/ആ.കു.വ തീയതി, 18/03/2019
3. സ.ഉ(കൈ) നം.131/2020/ആ.കു.വ തീയതി, 09/10/2020
4. സ.ഉ(കൈ) നം.132/2020/ആ.കു.വ തീയതി, 09/10/2020
5. സ.ഉ(കൈ).നം.52/2021/ആ.കു.വ തീയതി, 19/02/2021
6. സ.ഉ(കൈ).നം.348/2025/ആ.കു.വ തീയതി, 13/10/2025
7. OA (EKM) 1634/2025-ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 30/10/2025- ൽ പുറപ്പെടുവിച്ച ഉത്തരവ്
8. OA (EKM) 1776/2025-ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 24/11/2025- ൽ പുറപ്പെടുവിച്ച ഉത്തരവ്
9. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 22/12/2025-ലെ എൻ സി 4/641/2021/ആ.കു.വ നമ്പർ കത്ത്.
10. സ.ഉ(കൈ).നം.36/2026/ആ.കു.വ തീയതി, 02/02/2026

**ഉത്തരവ്**

2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും, മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട് പ്രകാരം സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 02/03/2019 തീയതി പ്രാബല്യത്തിൽ പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ

വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടുവരികയുണ്ടായി. കേരള സഹകരണ ആശുപത്രി കോംപ്ലക്സും അക്കാദമി ഓഫ് മെഡിക്കൽ സയൻസസും അനുബന്ധ സ്ഥാപനങ്ങളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിന് കീഴിലാക്കി പരമാർശം (2) ഉത്തരവും പുറപ്പെടുവിച്ചിരുന്നു. തുടർന്ന് മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്ത ജീവനക്കാരെ സർവീസിലേക്ക് അക്കൊമൊഡേറ്റ് ചെയ്യുന്നതിനായി വിവിധ വിഭാഗങ്ങളിലായി തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു.

2.മുൻ പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്ത നോൺ മെഡിക്കൽ വിഭാഗം ജീവനക്കാരുടെ അക്കൊമോഡേഷനുമായി ബന്ധപ്പെട്ട് പരാമർശം (6) ഉത്തരവ് പ്രകാരം കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ 30700-65700 (സ്റ്റേറ്റ് സ്കെയിൽ) ശമ്പള സ്കെയിലിൽ സോഷ്യൽ സയന്റിസ്റ്റ് ആയി അക്കൊമൊഡേറ്റ് ചെയ്യുവാൻ നിശ്ചയിച്ചിരുന്ന ശ്രീ. സുനിൽ സി.ബി, ഡോ. മായാമോൾ ടി.ആർ., ഡോ .ബിന്ദു എം വി, എന്നിവർ ടിയാളുകളെ സോഷ്യൽ സയിന്റിസ്റ്റായി അക്കൊമൊഡേറ്റ് ചെയ്തതിനെതിരെയും, മുൻ പരിയാരം മെഡിക്കൽ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറായിരുന്ന ടിയാളുകളെ പ്രസ്തുത തസ്തികയിൽ തന്നെ നിലനിർത്തി, നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന UGC സ്കെയിൽ സംരക്ഷിച്ച നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കേസുകൾ ഫയൽ ചെയ്യുകയുണ്ടായി. ശ്രീ.സുനിൽ സി.ബി. ഫയൽ ചെയ്ത OA (EKM) 1634/2025 - ൽ 30/10/2025- ൽ പുറപ്പെടുവിച്ച ഉത്തരവിൽ ടിയാന്റെ നിവേദനത്തിന്മേൽ (Annexure A9) ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി 2 മാസത്തിനകം അപേക്ഷകനെ നേരിൽ കേട്ട് ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് ബഹു.ട്രൈബ്യൂണൽ നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ ഡോ മായാമോൾ ടി.ആർ., ഡോ .ബിന്ദു എം.വി., എന്നിവർ ഫയൽ ചെയ്ത OA (EKM) 1776/2025 - ൽ 24/11/2025- ൽ പുറപ്പെടുവിച്ച ഉത്തരവിൽ ടിയാളുകളുടെ നിവേദനത്തിന്മേൽ (Annexure A13) ഉത്തരവിന്റെ പകർപ്പ് കൈപറ്റി 2 മാസത്തിനകം അപേക്ഷകരെ നേരിൽ കേട്ട് ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്നും ബഹു.ട്രൈബ്യൂണൽ നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ പ്രസ്തുത വിഷയത്തിൽ തീരുമാനം കൈകൊള്ളുന്നതുവരെ ടി സർക്കാർ ഉത്തരവുകളിലെ അപേക്ഷകരുമായി ബന്ധപ്പെട്ട നടപടികൾ ബഹു.ട്രൈബ്യൂണൽ സ്റ്റേ ചെയ്യുകയുമുണ്ടായി .

3.തുടർന്ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (7) , (8) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഹർജ്ജിക്കാരെ 23/12/2025-ന് നേരിൽ കേൾക്കുകയുണ്ടായി.ഹിയറിംഗ് വേളയിൽ ഹർജ്ജിക്കാർ ചുവടെ ചേർക്കുന്ന വാദങ്ങൾ ഉന്നയിക്കുകയുണ്ടായി .

i) 1999-ൽ അന്നത്തെ പരിയാരം മെഡിക്കൽ കോളേജ് സർക്കാരിലേക്ക് ഏറ്റെടുത്ത കാലഘട്ടത്തിലാണ് ഞങ്ങൾ മൂന്ന് പേരും 1999 ജൂലൈ മാസം എല്ലാ നിയമന മാനദണ്ഡങ്ങളും അനുസരിച്ച് ജോലിക്ക് പ്രവേശിക്കുന്നത്. ഞങ്ങളുടെ നിയമനവും അധ്യാപക തസ്തികയും അന്നത്തെ സർക്കാരിന്റെ DME യുടെ നേതൃത്വത്തിൽ ഉള്ള 15/11/1999-ലെ ബോർഡ് ഓഫ് കൺട്രോൾ മീറ്റിംഗിൽ അജണ്ട നമ്പർ 1999-2000/07-0012 പ്രകാരം ratify ചെയ്തിട്ടുണ്ട്. കൂടാതെ 2006-ൽ ഇറങ്ങിയ ഹൈക്കോടതി ഉത്തരവ് പ്രകാരം അന്നത്തെ ഗവണ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി പുറത്തിറക്കിയ G.O(Rt) No.555/06/Co.op dated 08/01/2006 പ്രകാരം ഞങ്ങളുടെ യോഗ്യതയും തസ്തികയും (ടീച്ചിംഗ് പോസ്റ്റ്) സർക്കാർ നേരത്തെ തന്നെ അംഗീകരിക്കുകയും

ചെയ്യതാണ്.

ii) കമ്മ്യൂണിറ്റി മെഡിസിനിലെ എം.ബി.ബി.എസ് കരിക്കുലത്തിൽ ഉൾപ്പെട്ടിട്ടുള്ള മെഡിക്കോ സോഷ്യോളജി, കമ്മ്യൂണിറ്റി ഓർഗനൈസേഷൻ, പ്രാക്ടിക്കൽ ജോലികളായ ഫാമിലി അഡോപ്ഷൻ പ്രോഗ്രാം, മറ്റു ഫീൽഡ് വർക്കുകൾ എന്നിവ ഏറ്റവും പ്രൊഫഷണലായി പഠിപ്പിക്കുവാനും നടത്തിപ്പിലാക്കാനുമുള്ള പ്രായോഗിക പരിചയവും അക്കാദമിക് ബാക്ക് ഗ്രൗണ്ടും ഉള്ളവരും ഡിപ്പാർട്ട്മെന്റിലെ അക്കാദമിക് ജോലികൾക്ക് പുറമെ സ്ഥാപനത്തിലെ മേലധികാരികൾ നൽകി വരുന്ന ഏതൊരു അധിക ഉത്തരവാദിത്തങ്ങളും പൂർണ്ണമനസ്സോടെ നിർവഹിച്ച് വരുന്നവരാണ് ഞങ്ങൾ.

iii) കേരള പി.എസ്.സി പല പോസ്റ്റുകളിലേക്കും MSW, MA sociology എന്നീ ഡിഗ്രികളെ തുല്യ യോഗ്യത ആയി കണക്കാക്കി വരുന്നുണ്ട്. മാത്രമല്ല സർക്കാർ ഏറ്റെടുത്ത് അഞ്ചു വർഷമായിട്ടും ഞങ്ങളുടെ തസ്തികയ്ക്ക് ആവശ്യമായ യോഗ്യത MA sociology മാത്രമാണെന്നും ഞങ്ങൾ അത് കരസ്ഥമാക്കണം എന്നുമുള്ള യാതൊരു അറിയിപ്പും എവിടെ നിന്നും ഞങ്ങൾക്ക് ലഭിച്ചുമില്ല. കോടതി ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഗവണ്മെന്റ് ഓർഡർ വഴി തസ്തികയും യോഗ്യതയും നേരത്തെ തന്നെ അംഗീകരിക്കപ്പെട്ടതിനാൽ ഞങ്ങൾക്ക് അതിൽ ആശങ്കയും ഉണ്ടായിരുന്നില്ല.

iv) ഇതേ ആഗിരണ ഉത്തരവിൽ തന്നെ (Annexure 1) Point No 3 പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നോൺ മെഡിക്കൽ അദ്ധ്യാപക തസ്തികകളിൽ നിയമിക്കപ്പെടുന്നതിനു ആവശ്യമായ തസ്തിക/യോഗ്യത നിലവിലില്ലാത്തതുമായ നാല് അധ്യാപകരെ അദ്ധ്യാപക തസ്തികയിലേക്ക് accommodate ചെയ്യുന്നതിനായി വാനിഷിങ് കാറ്റഗറിയിൽ തസ്തികകൾ സൃഷ്ടിച്ചു UGC സ്കെയിൽ കൊടുത്തിട്ടുമുണ്ട്. അതുപോലെ തന്നെ കേരളത്തിലെ ഒരു സർക്കാർ മെഡിക്കൽ കോളേജിലും ഇന്നുവരെ നിയമിക്കപ്പെട്ടിട്ടില്ലാത്ത ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിലെ അധ്യാപകനുവരെ ഇവിടെ നിലവിൽ തുടർന്ന് വരുന്ന തസ്തിക എന്ന നിലയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക നിലനിർത്തി UGC scale കൊടുത്തതായി ഈ ഉത്തരവിൽ കാണുന്നു. യോഗ്യത ഉള്ളവരെയും യോഗ്യതയില്ല എന്ന് ഉത്തരവിൽ വ്യക്തമായി പറഞ്ഞവരെയെല്ലാം തന്നെ അധ്യാപക തസ്തികയിൽ തന്നെ നിലനിർത്തി UGC scale കൊടുക്കുകയും ചെയ്തപ്പോൾ 25 വർഷം അധ്യയന പരിചയം ഉള്ള, ഡോക്ടറേറ്റ്, യു.ജി.സി /NET യോഗ്യത നേടിയ, 2006 ലെ ഒരു സർക്കാർ ഓർഡർ വഴി അദ്ധ്യാപക തസ്തികയും യോഗ്യതയും അംഗീകരിക്കപ്പെട്ട ഞങ്ങൾക്ക് UGC സ്കെയിലിൽ നിന്നും ശമ്പളം കുറച്ച് കൊണ്ട് സ്റ്റേറ്റ് സ്കെയിലിലേക്ക് മാറ്റി നോൺ ടീച്ചിങ് സ്റ്റാഫ് കാറ്റഗറിയിലേക്ക് തരംതാഴ്ത്തി ഉത്തരവ് വരികയും ചെയ്തു. ഏതൊരു വ്യക്തിയ്ക്കും അർഹമായ തുല്യ നീതി ഈ വിഷയത്തിൽ ഞങ്ങൾക്ക് ലഭിക്കുകയുണ്ടായില്ല എന്നത് ഖേദകരമാണ് .

v) മേൽ പറഞ്ഞ എല്ലാ അധ്യാപകരെക്കാളും അധ്യാപകവൃത്തിയിൽ പ്രവൃത്തി പരിചയവും വിദ്യാഭ്യാസ യോഗ്യതയുമുള്ള അധ്യാപകരാണ് ഞങ്ങൾ. PhD, UGC/NET അടക്കമുള്ള യോഗ്യതകൾ ഉണ്ടെങ്കിൽ പോലും, 25 വർഷത്തെ സേവനത്തിനൊടുവിൽ സർവീസിൽ നിന്നും വിരമിക്കാൻ വെറും നാലും അഞ്ചും എട്ടും വർഷങ്ങൾ മാത്രം ബാക്കിയായി ഉള്ള ഞങ്ങൾക്ക് ഇനി മറ്റൊരു സ്ഥാപനത്തിൽ അധ്യാപക ജോലിയിലേക്ക് പ്രവേശിക്കാൻ പ്രയാസമായിരിക്കും എന്ന

വസ്തുത കണക്കിലെടുക്കേണ്ടതാണ്. കൂടാതെ ഞങ്ങൾ മൂന്നു പേരൊഴിച്ച്, കണ്ണൂർ ഗവണ്മെന്റ് മെഡിക്കൽ കോളേജിലെയും, ഡെന്റൽ, ഫാർമസി, നഴ്സിംഗ് തുടങ്ങിയ എല്ലാ അനുബന്ധ സ്ഥലങ്ങളിലെയും മുഴുവൻ അധ്യാപക ജീവനക്കാർക്കും അവരുടെ യോഗ്യതയോ സർക്കാരിൽ നിലവിലുള്ള തസ്തികയോ ഒന്നും പരിഗണിക്കാതെ തന്നെ സ്റ്റാൻഡ് അലോൺ/വാനിഷിങ് പോസ്റ്റിലേക്ക് മാറ്റുമ്പോൾ അധ്യാപക തസ്തിക തന്നെ നിലനിർത്തികൊടുത്തിട്ടുണ്ട്. അതുകൊണ്ട് തന്നെ ഞങ്ങൾക്ക് സംഭവിച്ചിരിക്കുന്ന തീർത്തും വിവേചനപരമായ ഈ അപാകത പരിഹരിച്ചു കൊണ്ട് നിയമപരമായ ഞങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും സമാന നീതി ഉറപ്പാക്കി ഞങ്ങളെ മൂന്നുപേരെയും നിലവിലുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ തന്നെ നിലനിർത്തി ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന UGC scale സംരക്ഷിച്ചു തുല്യനീതി ഉറപ്പുവരുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

4.ഈ വിഷയത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ചുവടെ ചേർക്കുന്ന വസ്തുതകൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

i) അസിസ്റ്റന്റ് പ്രൊഫസർ ഇൻ മെഡിക്കോ സോഷ്യോളജി തസ്തികയുടെ നിയമന യോഗ്യത ചുവടെ വിവരിക്കും പ്രകാരമാണ്.

1. a) 1st or 2nd class Post graduate Degree in Sociology with Medico Sociology as a special subject awarded by any University/institute in India in their absence

b) 1st or 2nd class post graduate degree in sociology

2. Three years experience Teacher in Medico sociology in a Medical College Desirable:. PhD with thesis in Sociology (For Direct Recruitment)

ii) OA (EKM) 1634/2025, OA (EKM) 1776/2025 എന്നീ വ്യവഹാരങ്ങളിലെ ഹർജ്ജിക്കാരായ ശ്രീ സുനിൽ സി.ബി,ഡോ മായാമോൾ ടി.ആർ, ഡോ ബിന്ദു എം.വി എന്നിവരുടെ വിദ്യാഭ്യാസ യോഗ്യത താഴെപ്പറയും പ്രകാരമാണ്.

<u>ശ്രീ.സുനിൽ സി.ബി</u>

BSc Botany, Master of Social Work(MSW), NET (Social Work) 1997

<u>ഡോ . മായാമോൾ ടി.ആർ</u>

BSc Geology, Master of Social Work(MSW), PhD in Social Work (12/07/2021) Title of Thesis. Social Etiology, Manifestations, Consequences and Management of emerging Infectious Diseases; A study with reference to North Kerala

<u>ഡോ. ബിന്ദു.എം.വി</u>

BA English Literature, Master of Social Work(MSW), NET (Social Work) 1998, PhD in Psychology (21/09/2017), Title of Thesis:. Psycho social Correlates of Parents having Children with conduct Disorders An Explorative study.

5) കൂടാതെ OA (EKM) 1634/2025, OA (EKM) 1776/2025 എന്നിവയിലെ ഹർജ്ജിക്കാരായ ശ്രീ.സുനിൽ.സി.ബി, ഡോ.മായാമോൾ.ടി.ആർ, ഡോ ബിന്ദു.എം.വി എന്നിവർക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസ്സർ ഇൻ മെഡിക്കോ സോഷ്യോളജി തസ്തികയിലേക്ക് നിയമിതരാകാനുള്ള യോഗ്യതയില്ലെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മേൽ വ്യവഹാരങ്ങളിലെ ഹർജ്ജിക്കാരെ അസിസ്റ്റന്റ് പ്രൊഫസ്സർ ഇൻ മെഡിക്കോ സോഷ്യോളജി/ലെക്ചറർ ഇൻ മെഡിക്കോ സോഷ്യോളജി തസ്തികകളിൽ നിയമിക്കുന്നതിന് സാധിക്കുന്നതല്ലെന്നും, ടിയാളുകൾക്ക് 02/03/2019 -ന് ഉണ്ടായിരുന്ന Sociology യോഗ്യതയായ MSW, MA Sociology-യ്ക്ക് തുല്യമാണ് എന്നുള്ള സർവകലാശാലകളുടെ സാക്ഷ്യപത്രങ്ങൾ ലഭിച്ചിട്ടില്ലെന്നും, രണ്ടും ബിരുദാനന്തര ബിരുദ കോഴ്സുകൾ ആയതിനാൽ ഒന്ന് ഒന്നിനേക്കാൾ ഉയർന്ന യോഗ്യതയാണ് എന്ന് കണക്കാക്കുവാൻ സാധിക്കില്ലെന്നും, അതുകൊണ്ട് തന്നെ KS&SSRs Part II Rule 10(a)(ii) പ്രകാരമുള്ള ആനുകൂല്യം ടിയാളുകൾക്ക് നൽകാൻ സാധിക്കുന്നതല്ലെന്നും, അതിനാലാണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ MSW യോഗ്യത നിഷ്കർഷിച്ചിട്ടുള്ള സോഷ്യൽ സയന്റിസ്റ്റ് തസ്തിക ടി ജീവനക്കാരുടെ ആഗിരണത്തിനായി ശിപാർശ ചെയ്തിട്ടുള്ളതെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (7) , (8) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, ഹർജ്ജിക്കാരായ ശ്രീ.സുനിൽ സി.ബി. യുടെ Annexure A9 നിവേദനവും, ഡോ. മായാമോൾ ടി.ആർ., ഡോ.ബിന്ദു എം.വി. എന്നിവരുടെ Annexure A13 നിവേദനവും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും, നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

7) 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലെക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട് പ്രകാരം സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 02/03/2019 തീയ്യതി പ്രാബല്യത്തിൽ പൂർണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടുവന്നിരുന്നു. മുൻ പരിയാരം മെഡിക്കൽ കോളേജിലെ മെഡിക്കൽ അധ്യാപക വിഭാഗങ്ങളിൽ ഉൾപ്പെട്ട സ്ഥിര ജീവനക്കാരെയും സ്റ്റാഫ് നഴ്സ് വിഭാഗത്തിൽ വിവിധ തസ്തികകളിൽ ഉൾപ്പെട്ട ജീവനക്കാരെയും അക്കൊമൊഡേറ്റ് ചെയ്യുന്നതിനായി പരാമർശം (3), (4) ഉത്തരവുകൾ പ്രകാരം തസ്തികകൾ സൃഷ്ടിച്ചിരുന്നു. കൂടാതെ ഫാർമസി /നഴ്സിംഗ് വിഭാഗം അധ്യാപകർക്കും ദന്തൽ വിഭാഗം അധ്യാപക/അനധ്യാപക അധ്യാപകർക്കും, പാരാമെഡിക്കൽ, നഴ്സിംഗ് അസിസ്റ്റന്റ്/ട്രോളി വർക്കേഴ്സ്/ടൈലർ, മിനിസ്റ്റീരിയൽ/ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ അക്കൊമൊഡേഷനായി 772 തസ്തികകളും പരാമർശം (5) പ്രകാരം സൃഷ്ടിച്ചിരുന്നു. എന്നാൽ മുൻ പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്ന 22 മെഡിക്കൽ ഇതര (Non-Medical) അധ്യാപകർ ഇതിനകം അനുവദിക്കപ്പെട്ടിട്ടുള്ള 247 അധ്യാപക തസ്തികകളിൽ ഉൾപ്പെടുന്നതല്ലെന്നും, ഇവരെ Stand alone/vanishing Category-യിൽ Separate Pool ആയി നിലനിർത്താൻ കഴിയില്ലെന്നും, കൂടാതെ മതിയായ യോഗ്യതയില്ലാത്തതും നിലവിലുള്ളതുമായ ജീവനക്കാരെ നിലനിർത്തുന്നതിന് 22 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകണമെന്നുമുള്ള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ, മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്ത

നോൺ-മെഡിക്കൽ ജീവനക്കാരിൽ ഉൾപ്പെടുന്നവരും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നോൺ മെഡിക്കൽ വിഭാഗം തസ്തികകളിൽ നിയമിക്കുന്നതിനുള്ള നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരെ അക്കൊമൊഡേറ്റ് ചെയ്യുന്നതിനായി നിലവിൽ ചട്ടപ്രകാരമുള്ള യോഗ്യതയില്ലാത്ത ജീവനക്കാർക്ക് (സ്റ്റേറ്റ് സ്കെയിലിൽ തുടരാൻ അനുവദിക്കുന്നവർക്ക്) തുടർന്നും നിശ്ചിത യോഗ്യത നേടാത്ത പക്ഷം സംസ്ഥാന ശമ്പള പരിഷ്കരണ ഉത്തരവുകളിൽ പരാമർശിക്കുന്ന സമയബന്ധിത ഹയർഗ്രേഡിന് മാത്രമേ യോഗ്യതയുണ്ടായിരിക്കുകയുള്ളൂ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ചുവടെ ചേർക്കും പ്രകാരം തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി.

| ക്രമ നമ്പർ | പേര് | തസ്തിക | സ്കെയിൽ |
|---|---|---|---|
| 1 | ഡോ.ജൈജേഷ്.പി | Lecturer in anatomy (Non Medical) | 15600-39100 with AGP 6000 (യുജിസി സ്കെയിൽ) |
| 2 | ഡോ.വേണുഗോപാൽ എ.കെ. | അസിസ്റ്റന്റ് പ്രൊഫസർ ഇൻ എന്റമോളജി | 15600-39100 with AGP 6000 (യുജിസി സ്കെയിൽ) |
| 3 | ഡോ.ബിനു ദിവാകരൻ | അസിസ്റ്റന്റ് പ്രൊഫസർ ഇൻ സ്റ്റാറ്റിസ്റ്റിക്സ് | 15600-39100 with AGP 6000 (യുജിസി സ്കെയിൽ) |
| 4 | ഡോ.മായമോൾ.ടി.ആർ | സോഷ്യൽ സയന്റിസ്റ്റ് | 30700-65700(സ്റ്റേറ്റ് സ്കെയിൽ) |
| 5 | ഡോ.സുനിൽ.സി.ബി | സോഷ്യൽ സയന്റിസ്റ്റ് | 30700-65700(സ്റ്റേറ്റ് സ്കെയിൽ) |
| 6 | ഡോ.ബിന്ദു.എം.വി | സോഷ്യൽ സയന്റിസ്റ്റ് | 30700-65700(സ്റ്റേറ്റ് സ്കെയിൽ) |
| 7 | ഡോ.ബിനീഷ്.പി.പി | Assistant Professor in Physical Education | 15600-39100 with AGP 6000 (യുജിസി സ്കെയിൽ) |
| 8 | ഡോ.ഉകാഷ് അഹമ്മദ് ഇബ്രാഹിം | Lecturer in Radiation Physics | 15600-39100 with AGP 6000 (യുജിസി സ്കെയിൽ) |
| 9 | ഡോ.രമ്യ.വി.എസ് | Assistant Professor in Microbiology | 15600-39100 with AGP 6000 (യുജിസി സ്കെയിൽ) |

| | | | |
|---|---|---|---|
| 10 | രജിത.പി.പി | Lecturer in Anatomy | 15600-39100 with AGP 6000 (യുജിസി സ്കെയിൽ) |
| 11 | വിനിത.ടി | Lecturer in Microbiology | 15600-39100 with AGP 6000 (യുജിസി സ്കെയിൽ) |
| 12 | സരിത.കെ.ആർ | Lecturer in Bio-Physics | 15600-39100 with AGP 6000 (യുജിസി സ്കെയിൽ) |
| 13 | രമ.എ.കെ | Lecturer in Biochemistry | 15600-39100 with AGP 6000 (യുജിസി സ്കെയിൽ) |
| 14 | ശ്രീമതി.ലക്ഷ്മി.എസ് | Tutor Technician (MLT) | 35700-75600(സ്റ്റേറ്റ് സ്കെയിൽ) |
| 15 | ധന്യ.എസ്.ആർ | Tutor Technician (MLT) | 35700-75600(സ്റ്റേറ്റ് സ്കെയിൽ) |
| 16 | ശ്രീമതി.അനീഷ്യ.എസ് | Tutor Technician (MLT) | 35700-75600(സ്റ്റേറ്റ് സ്കെയിൽ) |
| 17 | ശ്രീമതി.ദീപ.കെ.കെ | Tutor Technician (MLT) | 35700-75600(സ്റ്റേറ്റ് സ്കെയിൽ) |
| 18 | ശ്രീമതി.റിയ.പി.പി | Tutor Technician (MLT) | 35700-75600(സ്റ്റേറ്റ് സ്കെയിൽ) |

8) കൂടാതെ മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്ന് ഏറ്റെടുത്ത ജീവനക്കാരിൽ ഉൾപ്പെടുന്നവരും എന്നാൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നോൺ മെഡിക്കൽ അദ്ധ്യാപക തസ്തികകളിൽ നിയമിക്കപ്പെടുന്നതിന് ആവശ്യമായ തസ്തിക /യോഗ്യത നിലവിലില്ലാത്തതുമായ ശ്രീമതി. അജിത ആനന്ദ്, ശ്രീമതി.ശ്രീകല.പി.എൽ, ശ്രീ.പ്രബീഷ്.ഇ., ശ്രീ.വെർണിൻ ജോസഫ്.വി എന്നിവരെ അക്കോമൊഡേറ്റ് ചെയ്യുന്നതിനായി യഥാക്രമം ലക്ചറർ ഇൻ മൈക്രോബയോളജി (1 തസ്തിക), ലക്ചറർ ഇൻ ബയോകെമിസ്ട്രി (2 തസ്തികകൾ), ട്യൂട്ടർ ഇൻ DRT (1 തസ്തിക) എന്നീ നാല് തസ്തികകൾ വാനിഷിംഗ് കാറ്റഗറിയിൽ സൃഷ്ടിച്ചും ഏറ്റെടുത്ത തീയതിയിൽ പ്രസ്തുത ജീവനക്കാർക്ക് അനുവദിച്ചിരുന്ന തസ്തികയുടെ ശമ്പള സ്കെയിലിന് തത്തുല്യമായ നിലവിലെ ശമ്പള സ്കെയിൽ അനുവദിച്ചും പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു.

9) സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ച് വന്നിരുന്ന പരിയാരം

മെഡിക്കൽ കോളേജിലും അനുബന്ധ സ്ഥാപനങ്ങളിലും നിയമനം ലഭിക്കുമ്പോൾ അന്ന് കോളേജ് നിശ്ചയിച്ച നിശ്ചിത യോഗ്യതയുണ്ടായിരിക്കുകയും എന്നാൽ 2019-ൽ സർക്കാർ ഏറ്റെടുത്ത സമയം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിയമനം ലഭിക്കുന്നതിനുള്ള യോഗ്യത/തസ്തിക നിലവിലില്ലാത്ത ജീവനക്കാരെയുൾപ്പടെ 2019-ലെ ആക്റ്റിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അക്കോമൊഡേറ്റ് ചെയ്യുന്നതിനായി വാനിഷിംഗ്/റെഗുലർ/സൂപ്പർ ന്യൂമററി കാറ്റഗറിയിൽപ്പെടുത്തി തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിലാണ് നോൺ മെഡിക്കൽ വിഭാഗം അദ്ധ്യാപകർ ഉൾപ്പടെയുള്ള ജീവനക്കാരെ അക്കൊമൊഡേറ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് . ഇതേ മാനദണ്ഡം പാലിച്ചാണ് മറ്റ് വിഭാഗങ്ങളിലും അക്കൊമൊഡേഷൻ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത് .എന്നാൽ മുൻ പരിയാരം മെഡിക്കൽ കോളേജിൽ ജോലി ചെയ്തിരുന്ന തസ്തികകളിൽ ലഭിച്ചിരുന്ന ആനുകൂല്യം നിഷേധിച്ചതായി ചൂണ്ടിക്കാട്ടി ചില ജീവനക്കാർ ബഹു.ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട് .

10) അക്കൊമൊഡേഷൻ നടപടികളുടെ ഭാഗമായി ഓരോ ജീവനക്കാരുടെയും തർക്കങ്ങൾ പ്രത്യേകം , പ്രത്യേകം പരിഗണിക്കുന്നത് അപ്രായോഗികമാണെന്ന് കണ്ടതിനാൽ പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തവരും കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ സൃഷ്ടിക്കപ്പെട്ട വിവിധ തസ്തികകളിൽ (റെഗുലർ/വാനിഷിംഗ്) അക്കോമൊഡേറ്റ് ചെയ്യപ്പെട്ടവരുമായ ജീവനക്കാരുടെ അനോമലി സംബന്ധിച്ച പരാതികൾ പരിശോധിച്ച് ഉചിതമായ ശിപാർശ സർക്കാരിൽ ലഭ്യമാക്കുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡിഷണൽ സെക്രട്ടറി ചെയർപേഴ്സണായി വിവിധ വകുപ്പുകളുടെ പ്രതിനിധികൾ ,മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ,കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ എന്നിവരെ ഉൾപ്പെടുത്തി പരാമർശം (10)-ലെ ഉത്തരവ് പ്രകാരം ഒരു അനോമലികമ്മിറ്റി രൂപീകരിക്കുകയുണ്ടായി . അക്കൊമോഡേഷനുമായി ബന്ധപ്പെട്ട് ആക്ഷേപമുള്ള പക്ഷം നോൺ മെഡിക്കൽ വിഭാഗം ജീവനക്കാർക്കും അനോമലി കമ്മിറ്റി മുൻപാകെ പരാതി സമർപ്പിക്കാവുന്നതാണ് .

11) ഈ സാഹചര്യത്തിൽ മുൻ പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്ത നോൺ മെഡിക്കൽ വിഭാഗം ജീവനക്കാരിൽ ഉൾപ്പെടുന്നവരും പരാമർശം (6) ഉത്തരവ് പ്രകാരം കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ 30700-65700 (സ്റ്റേറ്റ് സ്കെയിൽ) ശമ്പള സ്കെയിലിൽ സോഷ്യൽ സയന്റിസ്റ്റ് തസ്തികയിൽ അക്കൊമൊഡേറ്റ് ചെയ്യപ്പെട്ടവരും OA (EKM) 1634/2025, OA (EKM) 1776/2025 എന്നിവയിലെ ഹർജ്ജിക്കാരുമായ ശ്രീ.സുനിൽ.സി.ബി, ഡോ. മായാമോൾ.ടി.ആർ, ഡോ .ബിന്ദു.എം.വി എന്നിവർക്ക് നിലവിലുള്ള യോഗ്യത, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ ഇൻ മെഡിക്കോ സോഷ്യോളജി തസ്തികയിൽ നിയമനം ലഭിക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ ഹർജ്ജിക്കാരുടെ നിവേദനങ്ങളിലെ (Annexure A9 & Annexure A13) ആവശ്യം നിരസിച്ച് സർക്കാർ ഉത്തരവാകുന്നു.

12) OA (EKM) 1634/2025, OA (EKM) 1776/2025 എന്നിവയിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (7), (8) പ്രകാരം പുറപ്പെടുവിച്ച ഉത്തരവുകൾ അപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുരളീധരൻ ചെട്ടിയാർ
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ
ബന്ധപ്പെട്ട ഹർജ്ജിക്കാർക്ക് (ഡി.എം.ഇ മുഖേന)
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടേറിയറ്റ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (എസ് 1/245/2025/ആ.കു.വ)

ഉത്തരവിൻ പ്രകാരം
Signed by
Manish V V
സെക്ഷൻ ഓഫീസർ
Date: 02-03-2026 10:53:21